# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ജൂൺ 7, വ്യാഴം

**നമ്പർ 129**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**ചോദ്യങ്ങൾ:**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:**

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2017 ഏപ്രിൽ 28-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1021-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റും തിരുത്തൽ വരുത്തിയ മറുപടിയും റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ മേശപ്പുറത്തു വച്ചു.

**അടിയന്തരപ്രമേയം:**

ആലുവ എടത്തലയിൽ ഉസ്മാൻ എന്ന ഗൾഫ് മലയാളിയ്ക്കെതിരെ ഉണ്ടായതായി പറയപ്പെടുന്ന പോലീസ് അതിക്രമംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരസ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. അൻവർ സാദത്തും മറ്റ് അംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ നടുത്തളത്തിലിറങ്ങി ബഹളം വയ്ക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുന്നതിന് ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ശ്രദ്ധ ക്ഷണിക്കൽ:

സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് വേതന പരിഷ്കരണം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീമതി ബിജിമോൾ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. തൊഴിലും എക്സൈസും വകുപ്പുമന്ത്രിയ്ക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. അബ്ദുറഹിമാൻ | താനാളൂർ വെള്ളിയത്ത് വീട്ടിൽ നബീലിന്റെ തിരോധാനം | മുഖ്യമന്ത്രി |
| 2 | ശ്രീ. ജോൺ ഫെർണാണ്ടസ് | നഗരകേന്ദ്രീകൃതമായി വിവിധ റൂട്ടുകളിൽ വോൾവോ ബസ്സ് സർവ്വീസ് പുനരാരംഭിക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 3 | ശ്രീ. എൻ. വിജയൻ പിള്ള | ചവറ നാച്വറൽ ഫൈബർ പാർക്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 4 | ശ്രീ. എം. സ്വരാജ് | കമ്പളം-നെട്ടൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ബി. സത്യൻ | ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 6 | ശ്രീ. എ. എൻ. ഷംസീർ | റേഷൻ വിതരണ സംവിധാനം | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം:</u>

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

<u>ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന:</u>

കാർഷിക കടാശ്വാസം സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തി.

<u>നിയമനിർമ്മാണകാര്യം:</u>

I. ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസ് 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. പ്രസ്തുത ബിൽ സബ്ജക്റ്റ് കമ്മിറ്റി III-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണപ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

II. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. പ്രസ്തുത ബിൽ സബ്ജക്റ്റ് കമ്മിറ്റി II -ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു. ഓർഡിനൻസ് നിരാകരണപ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ്കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2018 ജൂൺ 8-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 10.47- ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

## FOURTEENTH KERALA LEGISLATIVE ASSEMBLY

Eleventh Session

# BULLETIN—PART I

( Brief Record of Proceedings )

*Thursday, June 7, 2018*

**No.129**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Correction of answer to Unstarred Question:*

Statement correcting answer and the corrected answer to Unstarred Question No. 1021 dated 28th April 2017 of the Fifth session of the Fourteenth Kerala Legislative Assembly was laid on the table by Shri E. Chandrasekharan the Minister for Revenue and Housing.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Anwar Sadath and two other Members regarding the serious situation reported to have arisen consequent on the alleged outrage by Police in Edathala, Aluva against a Gulf Malayali Usman.

In protest against the attitude of the Government in the matter the Members belonging to the opposition moved into the well of the House shouting slogans and tried continuously to disrupt the proceedings of the House.

KNPP.1262/2018(ii).

*Calling Attention:*

Smt. E. S. Bijimol called the attention of the Minister for Labour and Excise to the necessity to implement wage revision for labourers in plantation sector of the State. The Minister for Industries, Sports and Youth Affairs as authorised by the Minister for Labour and Excise made a statement thereto.

*Matters raised under Rule 304:*

The matters raised under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. അബ്ദുറഹിമാൻ | താനാളൂർ വെള്ളിയത്ത് വീട്ടിൽ നബീലിന്റെ തിരോധാനം | മുഖ്യമന്ത്രി |
| 2 | ശ്രീ. ജോൺ ഫെർണാണ്ടസ് | നഗരകേന്ദ്രീകൃതമായി വിവിധ റൂട്ടുകളിൽ വോൾവോ ബസ്സ് സർവ്വീസ് പുനരാരംഭിക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 3 | ശ്രീ. എൻ. വിജയൻ പിള്ള | ചവറ നാച്വറൽ ഫൈബർ പാർക്കിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 4 | ശ്രീ. എം. സ്വരാജ് | കുമ്പളം-നെട്ടൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 5 | ശ്രീ. ബി. സത്യൻ | ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 6 | ശ്രീ. എ. എൻ. ഷംസീർ | റേഷൻ വിതരണ സംവിധാനം | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Presentation of Report:*

The Thirteenth Report of the Committee on Private Members' Bills and Resolutions was presented.

*Statement under Rule 300:*

The Minister for Agriculture made a statement under Rule 300 regarding the Agriculture Debt Relief.

*Legislative Business:*

I. Shri Mathew T. Thomas, Minister for Water Resources introduced the Kerala Irrigation and Water Conservation (Amendment) Bill, 2018 and laid on the Table the statement under rule 75(1). The Minister also moved that the Bill be referred to Subject Committee III. The ordinance disapproval motion and amendments were not moved. The motion was adopted and the Bill was referred to Subject Committee-III Water Resourses.

II. Shri E. Chandrasekharan, Minister for Revenue and Housing introduced the Kerala Conservation of Paddy Land and Wet Land (Amendment) Bill,2018 and laid on the Table the statement under rule 75(1). The Minister also moved that the Bill be referred to Subject Committee II. The ordinance disapproval motion and amendments were not moved. The motion was adopted and the Bill was referred to Subject Committee II-Land Revenue and Devaswoms.

The House adjourned at 10.47 a.m. to meet again at 8.30 a.m. on Friday, June 8, 2018.

V. K. BABU PRAKASH,
*Secretary.*